(2) ഫാക്ട് വിലയ്ക്കെടുക്കുന്നതിനെതിരെ പ്രതിഷേധം നടത്തിയ തൊഴിലാളികളേയും നാട്ടുകാരേയും പോലീസ് ലാത്തിച്ചാർജ്ജ് ചെയ്ത സംഭവം

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ച്യുതാനന്ദൻ): സർ, കഴിഞ്ഞ ദിവസം എഫ്. എ. സി. ടി.-യിൽ വന്ന സ്വകാര്യവൽക്കരണ സംരംഭത്തിന്റെ ചില പ്രതിനിധികളെ തൊഴിലാളികൾ തടഞ്ഞതിനെത്തുടർന്ന് പോലീസുകാർ തൊഴിലാളികളെ അത്യന്തം ക്രൂരമായി മർദ്ദിക്കുകയും കൈയ്യേറ്റം ചെയ്യുകയും ചെയ്തു. എഫ്. എ. സി. ടി. സ്വകാര്യവൽക്കരണത്തിനെതിരായി അവിടെ തൊഴിലാളികൾ സംഘടിതമായി സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. തൊഴിലാളി പ്രതിനിധികൾ മുഖ്യമന്ത്രിയേയും സഹകരണവും തുറമുഖവും വകുപ്പ് മന്ത്രിയേയും വ്യവസായ വകുപ്പ് മന്ത്രിയേയും കണ്ട് സ്വകാര്യ വൽക്കരണ സംരംഭത്തിൽ നിന്ന് അവരെ പിന്തിരിപ്പിക്കാൻവേണ്ടി സംസ്ഥാന ഗവൺമെന്റ് ഇടപെടണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം നൽകുകയും ചെയ്തു. ഇൻഡ്യൻ ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, (ഇഫ്കോ) പ്രശസ്തമായ നിലയിൽ വളം ഫാക്ടറികൾ നടത്തിക്കൊണ്ടിരിക്കുകയാണ്. അവരിത് ഏറ്റെടുക്കാനുള്ള സന്നദ്ധത പ്രകടിപ്പിച്ചപ്പോൾ ഒരു ദേശീയ സഹകരണ സംഘം മുന്നോട്ടു വന്നതിൽ തൊഴിലാളികൾ സംതൃപ്തരാകുകയും സ്വകാര്യവൽക്കരണത്തേക്കാൾ ഭേദമാണല്ലോ എന്ന് ആശ്വസിക്കുകയും ചെയ്തു. ഗവൺമെന്റിന് ഇത് ഏറ്റെടുത്ത് നടത്താൻ സാദ്ധ്യതയില്ലാതിരിക്കുന്ന സാഹചര്യത്തിൽ ഒരു സഹകരണ സ്ഥാപനം മുന്നോട്ടു വന്നതുകൊണ്ട് ഇത് ഏറ്റെടുക്കാൻ അനുകൂലമായിട്ടുള്ള നിലപാട് സ്വീകരിക്കുകയും അതിന് സഹായകമായ നിലയിൽ സംസ്ഥാന ഗവൺമെന്റ് നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് അവർ അഭ്യർത്ഥിക്കുകയും സഹകരണ വകുപ്പും, മുഖ്യമന്ത്രിയും അതിന് സമ്മതം നൽകുകയും ചെയ്തു എങ്കിലും, അതു വളരെ സ്ലോയായിട്ടാണ് പോകുന്നത് എന്നുള്ളതുകൊണ്ടും കേന്ദ്രത്തിന്റെ സ്വകാര്യവൽക്കരണം ത്വരിതഗതിയിൽ നീങ്ങുകയും അവർ സ്വകാര്യ കുത്തകകളെ ഇങ്ങോട്ട് അയയ്ക്കുകയും അവരുടെ പ്രതിനിധികൾ വന്ന് ഇത് ഏറ്റെടുക്കുമോ എന്ന ഉൽകണ്ഠ തൊഴിലാളികളിൽ ഉളവാകുകയും ചെയ്തതിനെ തുടർന്നാണ് തൊഴിലാളികൾ അവരെ തടയുകയും മറ്റും ചെയ്തത്. അവർക്ക് അടികൊള്ളുകയും മർദ്ദനമേൽക്കാനുമെല്ലാം ഇടയായി. ഈ അവസരത്തിലെങ്കിലും ഇത് സഹകരണ മേഖലയിൽ നടത്താനാണ് സംസ്ഥാന ഗവൺമെന്റിന് താൽപ്പര്യം എന്നു കാണിച്ച് ഒരു കത്ത് ഇഫ്കോ മാനേജ്മെന്റിന് നൽകിയാൽ വേഗതയിൽ അവർക്ക് ഇടപെടാൻ സൗകര്യമായിരിക്കുമെന്ന് കേരളത്തിലെ എം. പി.മാർ ഡൽഹിയിൽനിന്നും എന്നെ വിളിച്ചു പറഞ്ഞു. അത് മുഖ്യമന്ത്രിയുടേയും സഹകരണവും തുറമുഖവും വകുപ്പുമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തിയാൽ ത്വരക്കേടില്ല. എം. പി.-മാർ തന്നെ ഇങ്ങനെയെല്ലാം നേരിട്ടു ബന്ധപ്പെട്ടു എങ്കിലും ഇപ്പോഴും അങ്ങനെയൊരു കത്ത് എഴുതുകയോ മറ്റു തരത്തിലുള്ള നടപടികൾ ഉണ്ടാവുകയോ ചെയ്തിട്ടില്ല എന്ന് അവർ എന്നെ അറിയിച്ചു. അതുകൊണ്ട് അതൊന്ന് സ്പീഡ് അപ് ചെയ്ത് ഇഫ്കോയ്ക്ക് ആ സ്ഥാപനം ഏറ്റെടുക്കാവുന്ന വിധത്തിൽ സഹായകമായിട്ടുള്ള നിലപാട് ഗവൺമെന്റ് അടിയന്തിരമായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് എഫ്. എ. സി. ടി.-യിലെ ഇന്നത്തെ സാഹചര്യത്തെക്കുറിച്ചും സ്വകാര്യ വ്യവസായികൾ എഫ്. എ. സി. ടി. കാണാൻ ചെന്നപ്പോൾ അവിടത്തെ തൊഴിലാളികൾ തടസ്സപ്പെടുത്തുകയും അതുകൊണ്ടുണ്ടായിട്ടുള്ള കാര്യങ്ങളുമാണ് സൂചിപ്പിച്ചത്. അത് വളരെ ഗൗരവമായിതന്നെയാണ് ഗവൺമെന്റ് കാണുന്നത്. അങ്ങനെയുള്ള സാഹചര്യങ്ങളൊക്കെ പോലീസ് വേണ്ടവിധത്തിൽ കൈകാര്യം ചെയ്തു. ദേഹോപദ്രവം ഒന്നും ചെയ്തിട്ടില്ല എന്നാണ് അറിഞ്ഞത്. അതിലും പ്രധാന പ്രശ്നം എഫ്. എ. സി. ടി. കേരള സംസ്ഥാന രൂപീകരണത്തിന് മുമ്പുള്ള ഒരു അഭിമാന സ്ഥാപനമാണ്. അത് നമ്മൾ അംഗീകരിച്ചിട്ടുള്ളതാണ്. ഫെർട്ടിലൈസർ മേഖലയിൽ എഫ്. എ. സി. ടി.-യുടെ സ്ഥാനം പരമപ്രധാനമാണ്. എഫ്. എ. സി. ടി. സ്വകാര്യ മേഖലയ്ക്ക് കൊടുക്കണമെന്ന് ഗവൺമെന്റിന് ഉദ്ദേശമില്ല; അത് അംഗീകരിച്ചിട്ടുമില്ല; സ്വീകരിച്ചിട്ടുമില്ല. ഇന്നലെ ബഹുമാനപ്പെട്ട എം. എൽ. എ.-മാരായ സർവ്വശ്രീ. കെ. പി. രാജേന്ദ്രൻ, കോടിയേരി ബാലകൃഷ്ണൻ, കെ. മുഹമ്മദാലി, കെ. ബാബു, കെ. കെ. ജയചന്ദ്രൻ എന്നിവർ മുഖ്യമന്ത്രിയേയും സഹകരണ വകുപ്പുമന്ത്രിയേയും കണ്ടിരുന്നു. മുഖ്യമന്ത്രി ഈ കാര്യം വളരെ ഗൗരവമായി കണക്കിലെടുക്കുകയും സഹകരണ വകുപ്പുമന്ത്രി മുഖ്യമന്ത്രിയുടെ കത്തുമായി ഡൽഹിയിൽപോയി ഈ കാര്യത്തെക്കുറിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യാനാണ് തീരുമാനിച്ചിട്ടുള്ളത്. മാത്രമല്ല, പാർലമെന്റ് മെമ്പർമാരുമായി സഹകരിച്ച് ഇഫ്കോയുമായി ചർച്ച ചെയ്ത് കേരളത്തിലെ സഹകരണ മേഖലയും ഇഫ്കോയുംകൂടി കൂട്ടായി എങ്ങനെ ഈ സ്ഥാപനം നടത്താൻ സാധിക്കും എന്നുള്ള കാര്യത്തെക്കുറിച്ച് ഗവൺമെന്റ് വളരെ ഗൗരവമായിത്തന്നെ ആലോചിച്ചുവരികയാണ്. ഗവൺമെന്റ് ഇതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല എന്നുള്ളത് ശരിയല്ല. മുഖ്യമന്ത്രി തന്നെ ഇത് എഴുതാൻ തീരുമാനിച്ചിരിക്കുകയാണ്. അതിനുവേണ്ടി സഹകരണ വകുപ്പുമന്ത്രി ഡൽഹിക്കു പോകുന്നുണ്ട്. എങ്ങനെയായാലും എഫ്. എ. സി. ടി. കേരളത്തിന് നഷ്ടപ്പെടാൻ പാടില്ല. അത് സ്വകാര്യ മേഖലയ്ക്കു പോകുന്നതിനുള്ള ഒരു സാഹചര്യം ഉണ്ടാകാൻ പാടില്ല. ഇഫ്കോയും സഹകരണ സംഘവുമായി ചേർന്ന് അതിനെ എടുക്കാനുള്ള പ്രവർത്തനവുമായി മുന്നോട്ടുപോകും എന്നുള്ളത് വളരെ ഗൗരവമായിത്തന്നെയാണ് ഗവൺമെന്റ് കാണുന്നത്.

(3) എക്സ്സർവ്വീസ്മെൻ ഡെവലപ്പ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ കോർപ്പറേഷന്റെ പ്രവർത്തനം

ശ്രീ. എം. മുരളി: 1995-ൽ ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരിക്കുമ്പോൾ രാജ്യസേവനം അവസാനിപ്പിച്ച് ജന്മനാട്ടിലേയ്ക്ക് മടങ്ങിയെത്തിയ പതിനായിരക്കണക്കിന് വരുന്ന കേരളത്തിലെ വിമുക്തഭടന്മാരുടേയും അവരുടെ ആശ്രിതരുടേയും ക്ഷേമ പ്രവർത്തനങ്ങളും അവരുടെ പുനരധിവാസവും ഉറപ്പുവരുത്താൻ രൂപീകരിച്ച Ex-servicemen Development and Rehabilitation Corporation-ന്റെ പ്രവർത്തനം ഹൈക്കോടതി ഇടപെടൽ ഉണ്ടായപ്പോൾ തടസ്സപ്പെട്ടു, എങ്കിലും അതിന്റെ രൂപീകരണം ഒരു വർഷം മുമ്പ് പൂർത്തീകരിച്ചുകൊണ്ട് വഴുതക്കാട് ആസ്ഥാനമായി അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly